(ഡി) 2016-17-ലെ ബജറ്റിൽ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി ധനസഹായം വഴി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അപ്രകാരം പ്രഖ്യാപിച്ച 104 പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന ധനസഹായത്തിനായി പരിഗണിക്കുന്നത്. 8-8-2016-ലെ സ.ഉ.(കൈ.)നമ്പർ 315/2016/ധന. ഉത്തരവുപ്രകാരം പദ്ധതികളുടെ നടത്തിപ്പിലേയ്ക്കായുള്ള ഭരണാനുമതി, വിശദമായ പ്രോജക്റ്റ് റിപ്പോർട്ട്, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് എന്നിവ കിഫ്ബിയുടെ പരിഗണനയ്ക്കായി ഓൺലൈനായി www.kiifb.kerala.gov.in എന്ന വെബ്സൈറ്റിൽ സമർപ്പിക്കേണ്ടതുണ്ട്. ടി നടപടിക്രമങ്ങൾ വിശദീകരിച്ചുകൊണ്ട് 8-8-2016 തീയതിയായി സ.ഉ.(കൈ.) നമ്പർ 315/16/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർത്തിട്ടുണ്ട് *)

**വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനുള്ള പദ്ധതികൾ**

15 (*45) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി. ജോയി :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വ്യവസായ നയത്തിന് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം, സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ രംഗത്ത് ആരംഭിക്കാൻ ലക്ഷ്യമിട്ട 15000 യൂണിറ്റുകളിൽ എത്രയെണ്ണം പ്രാവർത്തികമായി എന്ന് അറിയിക്കുമോ;

(സി) വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അതിവേഗ അനുമതിക്കായി ആരംഭിച്ച ഏക ജാലക സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ;

(ഡി) പാരിസ്ഥിതികനാശം ഉണ്ടാക്കാത്ത വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്ത് വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിനായി 24 പദ്ധതികൾ നിലവിലുണ്ട്. ഇതിൽ തുടർന്ന് വരുന്ന 19 പദ്ധതികളും 2016-17 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച 5 പദ്ധതികളുമാണുള്ളത്.

വ്യവസായ നയത്തിന് രൂപം നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഈ സാമ്പത്തിക വർഷം, സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ രംഗത്ത് ആരംഭിക്കാൻ ലക്ഷ്യമിട്ട 15000 യൂണിറ്റുകളിൽ നാളിതുവരെ 13052 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പാരിസ്ഥിതിക നാശം താരതമ്യേന കുറഞ്ഞ വ്യവസായങ്ങളായ കാർഷിക ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ജൈവ സാങ്കേതിക വ്യവസായങ്ങൾ, ജൈവവള വ്യവസായം, പ്ലാസ്റ്റിക് പുനഃചംക്രമണ വ്യവസായങ്ങൾ, പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനത്തിനുള്ള യന്ത്രങ്ങളും ഉപകരണങ്ങളും നിർമ്മിക്കുന്ന വ്യവസായം, ജൈവ വിഘടന പ്ലാസ്റ്റിക് വ്യവസായങ്ങൾ എന്നിവയെ സംരംഭകത്വ വികസന സഹായ പദ്ധതി പ്രകാരം മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി പരമാവധി 10 ലക്ഷം രൂപ വരെ അധിക സഹായമായി നൽകിവരുന്നു.

**നോട്ട് അസാധുവാക്കൽമൂലം വിനോദസഞ്ചാര മേഖല നേരിടുന്ന പ്രതിസന്ധി**

16 (*46) ശ്രീ. ബി. സത്യൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സമ്പദ്ഘടനയിൽ നിർണ്ണായക പങ്കുള്ള വിനോദസഞ്ചാര മേഖലയിൽ, നോട്ട് അസാധുവാക്കിയ നടപടിയും പണവിനിമയത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണവും ഏല്പിച്ച ആഘാതത്തിന്റെ വ്യാപ്തി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly